വയനാട് ജില്ലയിൽ മത്സ്യവിത്ത് ഹാച്ചറി ആരംഭിക്കുന്നതിന് നടപടി

134 (2953) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കഴിഞ്ഞവർഷം മത്സ്യകൃഷിക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയെത്രയെന്നും ലഭിച്ച വരുമാനം എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ജില്ലയിൽ മത്സ്യ വിത്ത് ഹാച്ചറി, മത്സ്യ തീറ്റ ഉല്പാദന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തിന്റെ സ്വാഭാവിക വളർച്ചയും ഉൽപ്പാദന ക്ഷമതയും അത്യന്താപേക്ഷിതമായ ഉയർന്ന ഗുണനിലവാരമുള്ള ജലത്തിന്റെ ലഭ്യത, സുസ്ഥിര മത്സ്യകൃഷിക്കാവശ്യമായ ഭൗതിക രാസഘടകങ്ങളുടെ സ്ഥായിയായ നിലനിൽപ്പ്, ഉയർന്ന വിപണന സാദ്ധ്യത, ഉയർന്ന വിപണി മൂല്യം, ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള അസംഖ്യം ജലാശയങ്ങളുടെ സാന്നിദ്ധ്യം മുതലായവ ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് അനുകൂല ഘടകങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മത്സ്യകൃഷിക്കായി ചെലവഴിച്ച തുക താഴെ പറയും പ്രകാരമാകുന്നു :

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക
1	മത്സ്യസമൃദ്ധി പദ്ധതി	48,20,042
2	എസ്.സി. വനിതകൾക്ക് അലങ്കാര മത്സ്യകൃഷി യൂണിറ്റ് സബ്സിഡി	70,000
3	കുളം നിർമ്മിച്ച് മത്സ്യകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി	1,45,360
4	സാമൂഹ്യമത്സ്യകൃഷി	3,00,000
5	ആത്മ-പട്ടികകുളം നിർമ്മിച്ച് മത്സ്യകൃഷിക്കുള്ള സബ്സിഡി	15,00,000

LIBRARY ARCHIVES Kerala Legislative Assembly

ഇതിലൂടെ മത്സ്യഉല്പാദനം 643.5 ടൺ ആയി വർദ്ധിക്കുകയും 6.2 കോടി രൂപ ഗുണഭോക്താക്കൾക്ക് വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ കൽപ്പറ്റ അസംബ്ലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ മത്സ്യത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപയുടെ പ്രൊപ്പോസൽ വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തയ്യാറാക്കിയത് ഫിഷറീസ് വകുപ്പ് പരിശോധിച്ചുവരുന്നു.

മത്സ്യ സങ്കേതങ്ങൾ

135 (2954) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നീലംപേരൂർ, കമരകം, പയ്യന്നൂർ, കൊളച്ചേരി, മുവാറ്റുപുഴ, പമ്പ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ ഫിർമ മുഖേന സ്ഥാപിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അഡാക്ക് മുഖേന പാതിരാമണൽ, വെള്ളായണി കായൽ എന്നിവിടങ്ങളിലും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) മത്സ്യസങ്കേതം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly